**2009, ഖുത്വ്ബ നമ്പര്‍- 29**

بسم الله الرحمن الرحيم

17.07.2009
**ബയ്ത്തുല്‍ ഫുതൂഹ്, ലണ്ടന്‍**

# തിരുനബിയുടെ അതിഥി സല്‍ക്കാരം

വിശുദ്ധഖുര്‍ആനില്‍ പോലും പരാമര്‍ശിക്കപ്പെട്ട ഒരു ധാര്‍മ്മിക ഗുണമാണ് അതിഥിസല്‍ക്കാരം. ഹദ്റത്ത് ഇബ്റാഹീം(അ)നെകുറിച്ച് പറഞ്ഞപ്പോള്‍ രണ്ട് സ്ഥലത്ത് അതിഥി സല്‍ക്കാരത്തെക്കുറിച്ചുള്ള പരാമര്‍ശം കാണാവുന്നതാണ്. അതിഥി സലാം പറഞ്ഞപ്പോള്‍ ഹദ്റത്ത് ഇബ്റാഹീം(അ)നും സലാമിന് മറുപടി പറയുന്നു. ഇതിന്റെ പൊരുള്‍ അതിഥിയും സമാധാനം കാംക്ഷിച്ചു, ഹദ്റത്ത് ഇബ്റാഹീം (അ)ഉം സമാധാനം കാംക്ഷിക്കുകയുണ്ടായി. ഭാഷാനിഘണ്ടുവായ മുഫ്റദാത്ത് എന്ന ഗ്രന്ഥത്തില്‍ ഈ രണ്ടു സലാമുകള്‍ക്കും വ്യത്യാസം കല്‍പ്പിക്കുന്നുണ്ട്. ആഗതന്‍ പറഞ്ഞത് സലാമാ سَلٰمًا എന്നാണ്. അതിനുമറുപടിയായി ഹദ്റത്ത് ഇബ്റാഹീം നബി സലാമുന്‍ سَلٰمٌ എന്നാണ് പറഞ്ഞത്. ഈ രണ്ട് പ്രയോഗങ്ങളില്‍ ഹദ്റത്ത് ഇബ്റാഹീം നബി(അ) ഉപയോഗിച്ച പ്രയോഗമാണ് ഏറ്റവും സാഹിത്യസമ്പുഷ്ടതയുള്ള പ്രയോഗം.

وَإِذَا حُيِّيْتُمْ بِتَحِيَّةٍ فَحَيُّوْا بِأَحْسَنَ مِنْهَا أَوْ رُدُّوْهَا

എന്ന ഖുര്‍ആന്‍ കല്‍പന പാലിച്ചുകൊണ്ടാണ് ഇബ്റാഹീം(അ) മറുപടി നല്‍കിയിരിക്കുന്നത്.അതിന്റെ അര്‍ത്ഥം ഇപ്രകാരമാകുന്നു, നിങ്ങള്‍ക്ക് ആരെങ്കിലും അഭിവാദ്യം അര്‍പ്പിക്കുകയാണെങ്കില്‍ അതിനേക്കാളും ഉത്തമരീതിയില്‍ നിങ്ങള്‍ അതിന് മറുപടി നല്‍കുക(4:87). سَلٰمٌ എന്ന് പറഞ്ഞുകൊണ്ട് അര്‍ത്ഥമാക്കുന്നത് നിങ്ങളില്‍ എപ്പോഴും സമാധാനം ഉണ്ടാകട്ടെ എന്നാണ്. ഈ പ്രയോഗം ഒരു പ്രവാചകന്റെ ഉന്നതസ്ഥാനത്തെയാണ് കാണിക്കുന്നത്. ആഗതര്‍ അപരിചിതരായിരുന്നിട്ടുകൂടി ഇങ്ങിനെ സലാം മടക്കിയത് അവരില്‍ വലിയ സ്വാധീനം ഉണ്ടാക്കുകയുണ്ടായി. ഈ ഒരു ഉദാഹരണം വിവരിച്ചുകൊണ്ട് നമ്മോട് പറയുന്നത് നിങ്ങള്‍ ഹദ്റത്ത് റസൂല്‍ (സ) തിരുമേനിയുടെ ഉമ്മത്തികളായതുകൊണ്ട് നിങ്ങളുടെ അതിഥിസല്‍ക്കാരത്തിന്റെ നിലവാരവും ഏറ്റവും ഉന്നതമായിരിക്കണമെന്നാണ്.

وَإِذَا حُيِّيْتُمْ بِتَحِيَّةٍ فَحَيُّوْا بِأَحْسَنَ مِنْهَا أَوْ رُدُّوْهَا

നിങ്ങള്‍ക്ക് ആരെങ്കിലും അഭിവാദ്യം അര്‍പ്പിച്ചാല്‍ അതിനേക്കാളും ഉത്തമമായ രീതിയില്‍ അഭിവാദ്യം അര്‍പ്പിക്കുക. ഇങ്ങനെ നാം ഉത്തമരീതിയില്‍ അഭിവാദ്യം അര്‍പ്പിക്കുമ്പോള്‍ താന്‍ വന്നതുകൊണ്ട് ആതിഥേയന് സന്തോഷമാണെന്ന് അതിഥി ധരിക്കുന്നതാണ്.

ഹദ്റത്ത് ഇബ്റാഹീംനബിയുടെ അതിഥി സല്‍ക്കാരത്തില്‍ മറ്റൊരുകാര്യം വിവരിക്കുന്നത് അതിഥിക്ക് വേണ്ടി അദ്ദേഹം എത്രവേഗമാണ് ഭക്ഷണം പാകം ചെയ്ത് കൊണ്ടുവരുന്നത് എന്നാണ്. അല്ലാഹു ഇത് വിവരിക്കുന്നത് ഇപ്രകാരമാണ്.

فَرَاغَ إِلَىٰ أَهْلِهِ فَجَاءَ بِعِجْلٍ سَمِينٍ ﴿٢٧﴾

അങ്ങനെ അദ്ദേഹം വേഗത്തില്‍ തന്റെ വീട്ടുകാരുടെ അടുത്തേക്കുചെന്നു. ഉടനെ ഒരു പശുക്കുട്ടിയെ (പാകപ്പെടുത്തി)കൊണ്ടുവന്നു.(51:27)

മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നത് بِعِجْلٍ حَنِيذٍ (11:70) എന്നാണ്. പാകപ്പെടുത്തിയ പശുക്കുട്ടിയെ കൊണ്ടുവന്നു.

അതിഥികളെ ഉടനെതന്നെ സല്‍ക്കരിക്കുകയും നമ്മുടെ കഴിവനുസരിച്ച് അവര്‍ക്ക് വേണ്ട സേവനങ്ങള്‍ അര്‍പ്പിക്കുകയും ചെയ്യുക എന്നത് അല്ലാഹുവിന്റെ പക്കല്‍ ഏറ്റവും ഇഷ്ടമുള്ള പ്രവര്‍ത്തിയാണ്.

അതുകൊണ്ടാണ് ഈ ചരിത്രം വിശുദ്ധഖുര്‍ആനില്‍ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ ആയത്തിന്റെ മുമ്പും പിമ്പും പ്രതിപാദിക്കുന്ന വിഷയവുമായി ഈ അതിഥി സല്‍ക്കാരത്തിന് നേരിട്ട് ബന്ധമൊന്നുമില്ല. അതിഥികള്‍ ഹദ്റത്ത് ലൂത്വ്(അ)ന്റെ അടുത്തേക്ക് പൊകുന്നവരായിരുന്നു. ഹദ്റത്ത് ലൂത്വ്(അ)ന്റെ നാട്ടുകാരുടെ ദുഷ്പ്രവൃത്തികാരണം അവര്‍ക്ക് വരാന്‍പോകുന്ന ശിക്ഷയുടെ സമയത്തെകുറിച്ച് വിവരം നല്‍കാനാണ് അവര്‍ പോകുന്നത്. വഴിമദ്ധ്യേ അവര്‍ ഹദ്റത്ത് ഇബ്റാഹീം(അ)ന്റെ അടുത്ത് തങ്ങുകയും അദ്ദേഹത്തിനും ലൂത്തിന്റെ നാട്ടുകാര്‍ക്ക് വരാന്‍ പോകുന്ന ശിക്ഷയെകുറിച്ച് അറിവ് നല്‍കുകയമുണ്ടായി. അതൊടൊപ്പം അദ്ദേഹത്തിനുണ്ടാകാന്‍പോകുന്ന മകനെകുറിച്ചുള്ള സുവാര്‍ത്തയും നല്‍കുന്നു. ഇവിടെ ഈ അതിഥി സല്‍ക്കാരം എടുത്തുപറഞ്ഞുകൊണ്ട് ഈ ഒരു ധാര്‍മ്മിക ഗുണത്തെ എടുത്ത് കാണിക്കുകയാണ് ഉദ്ദേശ്യം. അതിഥികള്‍ ഇബ്റാഹീം(അ)ന് അപരിചിതരായിരുന്നിട്ടും ആ കാട്ടില്‍ യാത്ര ചെയ്യുന്നവരായതുകൊണ്ട് അദ്ദേഹം ഉടനെതന്നെ അവരുടെ അവസ്ഥ മനസ്സിലാക്കുകയും അവര്‍ ഭക്ഷണം കഴിച്ചിരിക്കാന്‍ സാധ്യതയില്ലെന്ന് കണക്കുകൂട്ടുകയും അവര്‍ ഭക്ഷണം കഴിച്ചോ ഇല്ലയോ എന്നൊന്നും ചോദിക്കാതെ അവര്‍ക്കുവേണ്ടി വേഗം അദ്ദേഹം ഭക്ഷണം പാകം ചെയ്ത് കൊണ്ടുവരികയുമാണ് ചെയ്തത്. ഈ ഗുണം അല്ലാഹുവിന് വളരെ ഇഷ്ടപ്പെട്ടതും ഇസ്‌ലാം സമര്‍പ്പിക്കുന്ന ഒന്നും കൂടിയാണ്.

ഹദ്റത്ത് തിരുനബി(സ)യില്‍ നുബുവ്വത്ത് വാദത്തിനുമുമ്പും ഈ ധാര്‍മ്മികഗുണം പൂര്‍ണ്ണമായ രീതിയില്‍ പ്രകടമായിരുന്നു. അറബികളെകുറിച്ച് പൊതുവില്‍ പറയപ്പെടാറുള്ളത് അവര്‍ നല്ല ആതിഥേയരാണെന്നാണ്. ഇത് തികച്ചും ശരിതന്നെ. അന്നും ഇന്നും അറബികള്‍ അതിഥി സല്‍ക്കാരപ്രിയരാണ്. തിരുനബി(സ)യുടെ അതിഥി സല്‍ക്കാരത്തിന് പ്രത്യേകമായ ഒരു സ്ഥാനം കരസ്ഥമായിരുന്നു. അതുകൊണ്ട് ആദ്യ വഹ്‌യ് ഇറങ്ങിയപ്പോള്‍ വളരെ ഭയവിഹ്വലനായിക്കൊണ്ട് ഹദ്റത്ത് ഖദീജ(റ)ന്റെ അടുത്തേക്ക് ആ മഹാത്മാവ് വന്നപ്പോള്‍ ഹദ്റത്ത് ഖദീജ(റ) അദ്ദേഹത്തെ സമാധാനിപ്പിക്കാനായി പറഞ്ഞവാക്കുകള്‍ ഇവയായിരുന്നു. "അല്ലാഹുവാണെ സത്യം താങ്കളെ അല്ലാഹു ഒരിക്കലും തന്നെ നശിപ്പിക്കുന്നതല്ല. കാരണം താങ്കള്‍ കുടുംബ ബന്ധങ്ങളെ നിലനിര്‍ത്തുന്നു. ജനങ്ങളുടെ ഭാരം സ്വയം വഹിക്കുന്നു. ലോകത്ത് ഇല്ലാതായിത്തീര്‍ന്ന സദ്സ്വഭാവങ്ങള്‍ നിലനാട്ടാന്‍ താങ്കള്‍ ശ്രമിക്കുന്നു. അതിഥികളെ സല്‍ക്കരിക്കുന്നു. പ്രയാസങ്ങള്‍ അനുഭവിക്കുന്നവരെ സഹായിക്കുന്നു.ഇവ്വിധ ഗുണങ്ങളുള്ള വ്യക്തിയെ അല്ലാഹു എങ്ങിനെ നശിപ്പിക്കാനാണ്" . ഈ സുപ്രധാനഗുണങ്ങളോടൊപ്പം അതിഥി സല്‍ക്കാരത്തേയും എടുത്ത് പറയുക എന്നത് തീര്‍ച്ചയായും തിരുനബി(സ) യുടെ അതിഥി സല്‍ക്കാരം മറ്റുള്ളവരെ അപേക്ഷിച്ച് തികച്ചും വ്യത്യസ്ഥമായിരുന്നു എന്ന് തെളിയിക്കുന്നു. നുബുവ്വത്തിനുശേഷം അതിഥിസല്‍ക്കാരത്തിന്റെ അവസ്ഥ തികച്ചും അത്ഭുതാവഹമായിരുന്നു. തിരുനബി (സ)യുടെ ജീവതത്തില്‍ ഇതിനുള്ള ഉത്തമ ഉദാഹരണം നമുക്ക് കാണാന്‍ സാധിക്കുന്നതാണ്. അതിഥികളെ സ്വീകരിക്കുക മാത്രമല്ല അതോടൊപ്പം മറ്റുപല ഗുണങ്ങളും അതോടൊപ്പം പ്രകടമാക്കുകയുണ്ടായി.

തിരുനബി(സ) വെറും ഭക്ഷണം മാത്രമല്ല നൽകിയിരുന്നത്. മറിച്ച് അതിഥികളുടെ വികാരങ്ങൾ മാനിക്കുകയും അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ പോലും പരിഗണിക്കുകയും അവർക്ക് വേണ്ടി എല്ലാ സൗകര്യങ്ങളും കഴിവിന്റെ പരമാവധി ചെയ്യാൻ ശ്രമിക്കുകയും ചെയ്തിരുന്നു. കഴിയുന്നത്ര സ്വന്തം കരങ്ങളെ കൊണ്ട് തന്നെ ജോലിചെയ്തു. അതോടൊപ്പം തന്റെ അനുചരന്മാരെ താൻ നിലനാട്ടിയ ഈ മാതൃകകൾ പിൻപറ്റാൻ ഉപദേശിക്കുകയും ചെയ്തു. തിരുനബി(സ) അവരോട് പറഞ്ഞത് ഞാൻ ഈ ചെയ്യുന്നതെല്ലാം എന്നിൽ ഇറക്കപ്പെട്ട അധ്യാപനങ്ങളുടെ വെളിച്ചത്തിലാണ്. നിങ്ങൾക്ക് ഞാനുമായി ബന്ധമുണ്ടെങ്കിൽ ഈ മാതൃക നിങ്ങളും പിൻപറ്റേണ്ടതാണ്. എന്നോട് നിങ്ങൾക്ക് സ്നേഹമുണ്ടെങ്കിൽ എന്നെ നിങ്ങൾ അനുധാവനം ചെയ്യുക. ഈ അതിഥി സൽക്കാരവും സേവനവും എല്ലാം വ്യക്തികളിൽനിന്ന് ഒരു പ്രതിഫലവും പ്രതീക്ഷിക്കാതെ നിങ്ങളുടെ ഉള്ളിൽനിന്ന് ഉണ്ടായിവരേണ്ടതാണ്. അല്ലാഹു ഈ ഗുണം സ്വായത്തമാക്കാൻ പറഞ്ഞതുകൊണ്ടാണ് ഞങ്ങൾ ഇതെല്ലാം ചെയ്യുന്നത് എന്ന വികാരത്തോടുകൂടി ആയിരിക്കണം നാം ഇതെല്ലാം ചെയ്യേണ്ടത്. ദൈവപ്രീതിയായിരിക്കണം നമ്മുടെ ലക്ഷ്യം.

ഒരു ഹദീസിൽ ഇപ്രകാരം വരുന്നു. തിരുനബി(സ) അരുളി, "ആദ്യ ദിവസം അതിഥിയെ നല്ലതുപോലെ സൽകരിക്കുക. മൂന്ന് ദിവസം വരെ സാധാരണ അതിഥിസൽക്കാരം ഉണ്ടായിരിക്കേണ്ടതാണ്. ഇത് അതിഥിയുടെ അവകാശമാണ്. നിങ്ങൾക്ക് അല്ലാഹുവിലും ആഖിറത്തിലും വിശ്വാസമുണ്ടെങ്കിൽ നിങ്ങൾ അതിഥികളെ ആദരിക്കുക."

ഈ സദ്പ്രവൃത്തിയുടെ പ്രതിഫലം അല്ലാഹു തീർച്ചയായും പരലോകത്ത് നൽകുന്നതാണ്. നമ്മുടെ ചെറിയ ചെറിയ നന്മകൾക്കു പോലും അല്ലാഹു പ്രതിഫലം നൽകുന്നതാണെന്ന് അവൻ പറയുന്നു. എന്നാൽ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാനായി ഈ പ്രവൃത്തി ചെയ്യുമ്പോൾ അത് അല്ലാഹുവിന്റെ പ്രീതിയെ നമ്മിലേക്ക് വലിച്ചടുപ്പിക്കുകയും അതോടൊപ്പം വിശ്വാസദൃഢീകരണത്തിന് കാരണമായിത്തീരുകയും ചെയ്യുന്നു.

തിരുനബി(സ)യുടെ അതിഥിസൽക്കാരത്തിന് രണ്ട് ഉദ്ദേശങ്ങളുണ്ട്. ഒന്ന് അതിഥികളെ സൽക്കരിക്കണം എന്ന നിയ്യത്തോടും അതോടൊപ്പം അമുസ്ലീങ്ങളായവർ ഈ അതിഥിസൽക്കാരത്തിന്റെ ഉദാത്ത മാതൃക കണ്ടുകൊണ്ട് അവിടുന്ന് നൽകുന്ന അധ്യാപനത്തിന്റെ ഫലമാണ് ഈ രീതിയിലുള്ള പ്രകടനം നടത്തുന്നത് എന്നവർ ചിന്തിക്കുന്നവരായിത്തീരുന്നതിനും അതുമുഖേന ആ അതിഥിക്ക് അല്ലാഹുവിന്റെ മതത്തോട് താത്പര്യം ഉണ്ടാകുന്നതിനും വേണ്ടിക്കൂടിയായിരുന്നു. അവരുടെ ഭൗതികകാര്യങ്ങളോടൊപ്പം അവരുടെ ആത്മീയകാര്യങ്ങളും ശരിയായിത്തീരുന്നതിന് വേണ്ടിയായിരുന്നു ആ മഹാത്മാവ് അതിഥി സൽക്കാരം നടത്തിയിരുന്നത്. വിശപ്പടക്കുന്ന ഭൗതികവിഭവങ്ങൾ നൽകുക എന്നത് മാത്രമായിരുന്നില്ല ആ മഹാത്മാവിന്റെ ലക്ഷ്യം, മറിച്ച് അവരുടെ പരലോകജീവിതം ശരിയായിത്തീരുന്നതിന്നാവശ്യമായ ആത്മീയഭക്ഷണം കൂടി നൽകുക എന്നതും കൂടിയായിരുന്നു. തന്റെ അനുചരർക്കും ഈ ഒരു സന്ദേശമാണ് അവിടുന്ന് നൽകിയത്.

ഹദ്റത്ത് അബൂഹുറൈറ (റ) നിവേദനം ചെയ്യുന്നു. കാഫിറായ ഒരാൾ അതിഥിയായി തിരുനബി(സ)യുടെ വീട്ടിൽ താമസിച്ചു. ഒരാടിന്റെ പാൽ മുഴുവനും കറന്ന് കൊണ്ട് അദ്ദേഹത്തിന് കുടിക്കാൻ കൊടുക്കാൻ തിരുനബി(സ) കൽപ്പിച്ചു. അദ്ദേഹം അത് മുഴുവൻ കുടിച്ചു. അതിനുശേഷം രണ്ടാമത്തെ ആടിന്റെയും മൂന്നാമത്തെ അടിന്റെയും അങ്ങിനെ ഏഴ് ആടുകളുടെ പാൽ അദ്ദേഹം കുടിച്ചുതീർത്തു. തിരുനബി(സ) ഒന്നും മിണ്ടാതെ, ഒന്നും പിറുപിറുക്കാതെ തനിക്കാവശ്യമായത്ര പാൽ നൽകിയത് കണ്ട ആ വ്യക്തി അടുത്ത ദിവസം തന്നെ ഇസ്ലാം സ്വീകരിക്കുകയുണ്ടായി. തിരുനബി(സ) അടുത്തദിവസവും അദ്ദേഹത്തിന് പാലിനുള്ള സംവിധാം ചെയ്തു. അദ്ദേഹം ഒരാടിന്റെ പാൽ കുടിച്ചു. തിരുനബി രണ്ടാമത്തെ ആടിന്റെ പാൽ കൊണ്ടുവരാൻ പറഞ്ഞു. അൽപ്പം കുടിച്ചപ്പോൾ തന്നെ അദ്ദേഹത്തിന് മതിയായി. ഇതുകണ്ടപ്പോൾ തിരുനബി (സ) അരുളി, 'മുഅ്മിൻ കുടലിന്റെ ഒരു ഭാഗം നിറയെ പാൽകുടിക്കുമ്പോൾ കാഫിർ ഏഴുഭാഗം നിറയെ പാൽകുടിക്കുന്നു."

ഇസ്ലാം സ്വീകരിക്കുന്നതിനുമുമ്പ് അദ്ദേഹത്തോട് ഒന്നും പറഞ്ഞില്ല. ഇസ്ലാം സ്വീകരിച്ചതിനുശേഷം അദ്ദേഹത്തിന് ഭക്ഷണം കഴിക്കേണ്ട മര്യാദ പഠിപ്പിച്ചുകൊടുത്തു. തിരുനബി(സ) അദ്ദേഹത്തിനുവേണ്ടി തലേ ദിവസത്തേതുപോലെ പാലിനുള്ള പൂർണ്ണ ഒരുക്കങ്ങൾ നടത്തിയിരുന്നു. എന്നാൽ അദ്ദേഹം വേണ്ട എന്ന് പറയുകയായിരുന്നു. അദ്ദേഹം നിഷേധിച്ചതിനു ശേഷമാണ് തിരുനബി (സ.അ) പറഞ്ഞത് വിശ്വാസി ഒരു ഭാഗം മാത്രമാണ് നിറക്കുക എന്നും കാഫിർ ഏഴുഭാഗവും നിറക്കുമെന്നും. ആ വ്യക്തി ഇസ്ലാം സ്വീകരിച്ചതിനുശേഷം അദ്ദേഹത്തിന്റെ സ്ഥാനമെന്താണെന്ന് അദേഹത്തെ ബോധ്യപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. മനുഷ്യസൃഷ്ടിപ്പിന്റെ ലക്ഷ്യം വെറും ഭക്ഷണം കഴിക്കുക എന്നതല്ലെന്നും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കലാണ് യഥാർത്ഥലക്ഷ്യമെന്നും അദ്ദേഹത്തെ ധരിപ്പിക്കുകയുണ്ടായി.

ഹബ്ശയിലെ മുഹാജിരീങ്ങൾ തിരിച്ചുവന്നപ്പോൾ അവരോടൊപ്പം നജ്ജാശി അയച്ച ഒരു സംഘം ആളുകളും ഉണ്ടായിരുന്നു. തിരുനബി(സ) സ്വയം തന്നെ അവർക്ക് ആതിഥ്യമരുളുകയുണ്ടായി. ഇതുകണ്ടപ്പോൾ സഹാബാക്കൾ പറഞ്ഞു; അല്ലാഹുവിന്റെ റസൂലെ, ഞങ്ങൾ സേവനം ചെയ്യാൻ തയ്യാറാണ്. അവിടുന്ന് എന്തിനാണ് ഇത്ര മാത്രം പ്രയാസപ്പെടുന്നത്. അപ്പോൾ നമ്മുടെ യജമാനൻ(സ) എത്ര മനോഹരമായ മറുപടിയാണ് നൽകിയത് എന്ന് നോക്കുക. ഈ വാക്കുകളിൽ തന്റെ മർദ്ധിതരായ സഹാബാക്കളെ ആദരിക്കുക കൂടി ചെയ്യുന്നുണ്ട്. ഇഹ്സാന് പകരം ഇഹ്സാൻ അല്ലാതെ മറ്റെന്ത്? എന്ന അല്ലാഹുവിന്റെ കൽപ്പന നടപ്പിൽ വരുത്തുന്ന ഒരു അനർഘനിമിഷം കൂടി നമുക്ക് ഈ മറുപടിയിൽ കാണാൻ സാധിക്കുന്നതാണ്. കൃതജ്ഞതാ പ്രകടനത്തിന്റെ മനോഹര ദൃശ്യവും നമുക്കിവിടെ ദർശിക്കാൻ സാധിക്കുന്നു.

തിരുനബി(സ) അരുളി: ഇവർ നമ്മുടെ സഹാബാക്കളെ ആദരിച്ചവരാണ്. അതുകൊണ്ട് ഞാൻ സ്വന്തം കരങ്ങളെകൊണ്ട് ഇവർക്ക് ആതിഥ്യമരുളാനും ഇവർക്ക് വേണ്ട സേവനങ്ങൾ സ്വയം ചെയ്യാനും ഇഷ്ടപ്പെടുന്നു. ഇതുമുഖേനയെങ്കിലും അവർ ചെയ്ത ഉപകാരത്തിന് പ്രത്യുപകാരമാകട്ടെ.

തിരുനബി(സ) ഇത്ര ആവേശത്തോടെ ആതിഥ്യമരുളുന്നത് കണ്ടപ്പോൾ ഹബ്ശയിൽ നിന്ന് വന്നവർ പോലും അത്ഭുതപ്പെട്ടുകാണും. സാധാരണക്കാരായ ഞങ്ങളെ പോലും സ്വയം ആതിഥ്യമരുളുന്ന ഈ രാജാവ് എത്രനല്ല രാജാവ്! ഈ അതിഥിസൽകാരം ചെയ്തുകൊണ്ട് മനുഷ്യമൂല്യങ്ങളെയാണ് ആ മഹാത്മാവ് നിലനാട്ടിയത്.

മറ്റൊരു സംഭവം ഇപ്രകാരം വിവരിക്കപ്പെടുന്നു. ഒരു യഹൂദി

രാത്രി അതിഥിയായി തിരുനബി(സ)യുടെ അടുത്ത് താമസിച്ചു. രാത്രിയിൽ വയർ കേടുവന്നതു കാരണം കിടക്കയിൽ വിസർജ്ജിച്ചുപോയി. നാണം കാരണം പുലർച്ചെ അദ്ദേഹം സ്ഥലം വിട്ടു. തിരുനബി(സ) അദ്ദേഹത്തിന്റെ കിടക്ക കണ്ടപ്പോൾ ആരേയും വിളിക്കാതെ സ്വയം അതെല്ലാം കഴുകി വൃത്തിയാക്കാൻ തുടങ്ങി. എന്നാൽ ആ യഹൂദിക്ക് താൻ അവിടെ വെച്ച് മറന്നുപോയ സാധനം ഓർമ്മ വരികയും അതെടുക്കാൻ തിരിച്ച് അദ്ദേഹം അവിടെ വരികയും ചെയ്തു. എന്നാൽ തിരുനബി(സ) കിടക്ക വൃത്തിയാക്കുന്നത് കണ്ടപ്പോൾ അദ്ദേഹം നാണം സഹിക്കാതെ തല താഴ്ത്തുകയുണ്ടായി.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു കൃസ്ത്യാനിയുടെ സംഭവം വിവരിക്കുന്നുണ്ട്. അത് ഇതുതന്നെയാണോ അല്ല മറ്റുവല്ല സംഭവമാണോ എന്നെനിക്ക് അറിയില്ല. സംഭവം വിവരിച്ചതിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുതുന്നു;

"തിരുനബി(സ) യുടെ ഈ പ്രവർത്തനം കണ്ടുകൊണ്ട് അദ്ദേഹം ഇസ്ലാം മതം സ്വീകരിക്കുകയുണ്ടായി."

ഇത് ഏറ്റവും ഉന്നതമായ വിനയഭാവമായിരുന്നു.

തിരുനബി(സ)യുടെ പരിശുദ്ധീകരിക്കുവാനുള്ള ശക്തി കാരണം തിരുസഹാബത്തിലുണ്ടായ വിപ്ലവകരമായ മാറ്റവും തങ്കലിപികളാൽ എഴുതപ്പെടേണ്ടതാണ്.

ഹദ്റത്ത് അബൂ ഹുറൈറാ(റ) വിവരിക്കുന്നു;

ഒരു യാത്രക്കാരനായ അതിഥി തിരുനബി(സ)യുടെ അടുത്ത് വന്നു. അതിഥിക്ക് വേണ്ടി ഭക്ഷണം കൊടുത്തയക്കാൻ തിരുനബി(സ) തന്റെ വീട്ടിൽ ആളെ പറഞ്ഞയച്ചു. വെള്ളമല്ലാതെ ഇന്ന് വീട്ടിൽ ഒന്നും തന്നെയില്ല എന്ന മറുപടിയാണ് അവിടെനിന്ന് ലഭിച്ചത്. തിരുനബി(സ) സഹാബാക്കളോട് ചോദിച്ചു; ഈ അഥിതിക്ക് ആരാണ് ഭക്ഷണം നൽകുക. ഒരു അൻസാരി പറഞ്ഞു, ഹുസൂർ അദ്ദേഹത്തിനുള്ള ഭക്ഷണത്തിനുള്ള ഏർപ്പാട് ഞാൻ ചെയ്യാം. അങ്ങനെ അദ്ദേഹം വീട്ടിൽ പോയി ഭാര്യയോട് ഭക്ഷണം ഉണ്ടാക്കാൻ പറഞ്ഞു. ഭാര്യ പറഞ്ഞു; ഇന്ന് വീട്ടിൽ കുട്ടികൾക്കുള്ള ഭക്ഷണം മാത്രമേയുള്ളൂ. അൻസാരി പറഞ്ഞു, ശരി നീ ഭക്ഷണം തയ്യാറാക്കൂ. എന്നിട്ട് വിളക്ക് കത്തിക്കുക. ഭക്ഷണത്തിന് സമയമായാൽ വല്ലതും പറഞ്ഞ് കുട്ടികളെ ഉറക്കുക. അങ്ങിനെ ഭാര്യ ഭക്ഷണം തയ്യാറാക്കി. വിളക്ക് കത്തിച്ചു. കുട്ടികൾക്ക് ഭക്ഷണം നൽകാതെ ഉറക്കി. അതിഥി വന്നപ്പോൾ വിളക്ക് ശരിയാക്കാനാണെന്ന് പറഞ്ഞ് ഭാര്യ അതെടുത്ത് കൊണ്ടുപോയി. വിളക്ക് കെടുത്തി. പിന്നീട് അവർ ഇരുവരും അതിഥിയോടൊപ്പം ഇരുന്ന് ഭക്ഷണം കഴിക്കുന്നതുപോലെ അഭിനയിച്ചു കൊണ്ടിരുന്നു. അതിഥി ഇരുവരും തന്നോടൊപ്പം ഭക്ഷണം കഴിക്കുന്നുണ്ടെന്ന് കരുതി നല്ലതുപോലെ ഭക്ഷണം കഴിച്ചു. അവർ ഇരുവരും വിശന്നുകൊണ്ട് കിടന്നുറങ്ങി. പകൽ തിരുനബി(സ)യുടെ സവിധത്തിൽ ഈ അൻസാരി സഹാബി ഹാജരായപ്പോൾ അവിടുന്ന് പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു, 'ഇന്നലെ രാത്രി താങ്കൾ കാണിച്ച കൗശലം കണ്ടുകൊണ്ട് അല്ലാഹു പോലും ചിരിക്കുകയുണ്ടായി. അപ്പോഴാണ് ഈ ആയത്ത് ഇറങ്ങിയത്.

وَيُؤْثِرُوْنَ عَلٰٓى اَنْفُسِهِمْ وَلَوْ كَانَ
بِهِمْ خَصَاصَةٌ ۗ وَمَنْ يُّوْقَ شُحَّ نَفْسِهٖ
فَاُولٰٓئِكَ هُمُ الْمُفْلِحُوْنَ ۝١٠

പരിശുദ്ധരും ത്യാഗവര്യരുമായ ഈ വിശ്വാസികൾ തങ്ങളെക്കാളും മറ്റുള്ളവർക്ക് പ്രാമുഖ്യം നൽകുന്നു. അവർ സ്വയം ആവശ്യമുള്ളവരും പട്ടിണിയിലുമായിരിക്കും. തങ്ങളുടെ മനസ്സിന്റെ പിശുക്കിൽനിന്നും ആരാണോ സുരക്ഷിതരായവർ അവർ തന്നെയാണ് വിജയം കൈവരിച്ചവർ. (59:10)

സ്ഥിരമായ ചില അതിഥികളും തിരുനബി(സ)യുടെ കൂടെ ഉണ്ടാവാറുണ്ട്. അവർ എപ്പോഴും തിരുനബി(സ)യുടെ തിരുമൊഴികൾ കാതോർത്തിരിക്കുന്നവരായിരുന്നു. ഒരു വാക്കുപോലും തിരുനബി(സ)യുടെത് വിട്ടുപോകരുതെന്നായിരുന്നു അവരുടെ ആഗ്രഹം. അവർ വളരെ പ്രയാസപ്പെട്ടുകൊണ്ട് തങ്ങളുടെ ജീവിതം കഴിച്ചുകൂട്ടുകയും അങ്ങിനെ തിരുനബി(സ)യുടെ ഹദീസുകൾ നമ്മുക്ക് എത്തിച്ചു തന്നുകൊണ്ട് നമ്മോടും വലിയ ഔദാര്യമാണ് അവർ ചെയ്തിരിക്കുന്നത്.

മാലിക്ക് ബിൻ അബി അമീർ നിവേദനം ചെയ്യുന്നു, സുദീർഘമായ ഒരു ഹദീസാണ്. തൽഹ ബ്നു ഉബൈദുല്ലാഹ് യുടെ അടുത്ത് ഒരാൾ ചെന്നുകൊണ്ട് പറഞ്ഞു, അബൂ മുഹമ്മദ്; താങ്കൾ അബൂ ഹുറൈറ എന്ന വ്യക്തിയെ കണ്ടിരുന്നില്ലേ? തിരുനബി(സ)യിൽ നിന്ന് ഏറ്റവും കൂടുതൽ ഹദീസ് അറിയാവുന്ന വ്യക്തി അദ്ദേഹമാണ്. നിങ്ങളിൽനിന്ന് ഇതേവരെ കേട്ടിട്ടില്ലാത്ത പല ഹദീസുകളും ഞങ്ങൾ അദ്ദേഹത്തിൽനിന്ന് കേട്ടിട്ടുണ്ട്. ഇതുകേട്ടപ്പോൾ അദ്ദേഹം പറഞ്ഞു; "ശരിയാണ്, ഞങ്ങൾ കേൾക്കാത്ത പല ഹദീസുകളും അദ്ദേഹം തിരുനബി(സ)യിൽനിന്നും കേട്ടിട്ടുണ്ട്. അദ്ദേഹം മിസ്കീനായിരുന്നു. അദ്ദേഹത്തിന്റെ കൈവശം ഒന്നും ഉണ്ടായിരുന്നില്ല. തിരുനബി(സ)യുടെ അതിഥിയായി കഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ കൈകൾ തിരുനബി(സ)യുടെ കൈകൾക്കൊപ്പമായിരുന്നു. ഞങ്ങൾ വീടും കുടുംബവുമുള്ളവരും ധനവാൻമാരുമായിരുന്നു. ഞങ്ങൾ തിരുനബി(സ)യുടെ അടുത്ത് രാവിലെയോ ചിലപ്പോൾ വൈകുന്നേരമോ മാത്രമാണ് ഹാജറാകാറുള്ളത്.

ഇവർ മടിയന്മാരായതുകൊണ്ടാണ് തിരുനബി(സ)യുടെ അടു ത്ത് ഇങ്ങിനെ ചടഞ്ഞുകൂടിയിരുന്നതെന്ന് ആരും ധരിക്കരുത്. കാരണം അവർക്കും എത്രയോ ദിനങ്ങൾ പട്ടിണികിടക്കേണ്ടിവന്നിട്ടുണ്ട്.

തിരുനബി(സ) ചോദിക്കാത്തതുകൊണ്ടൊന്നുമായിരുന്നില്ല അവർ പട്ടിണി കിടന്നിരുന്നത്. തിരുനബി(സ)യുടെ വീട്ടിൽ പോലും ഭക്ഷണമില്ലാത്ത ,അടുപ്പ് കാണാത്ത ദിനങ്ങൾ ഉണ്ടായിട്ടുണ്ട്. ഹദ്റത്ത് അബൂഹുറൈറാ(റ)വിന്റെ ഒരു രിവായത്ത് ഇതുമായി ബന്ധപ്പെട്ടത് കേൾപ്പിക്കാം.

അദ്ദേഹം പറയുന്നു, അല്ലാഹുവാണെ സത്യം ആദ്യകാലങ്ങളിൽ വിശപ്പ് സഹിക്കാൻ വയ്യാതെയാകുമ്പോൾ ഞാൻ എന്റെ വയറിൽ കല്ല് കെട്ടാറുണ്ടായിരുന്നു. ചിലപ്പോൾ അൽപ്പം ആശ്വാസം ലഭിക്കുവാനായി നിലത്ത് കിടന്ന് വയർ അമർത്തിപ്പിടിക്കും. ഒരു ദിവസം ജനങ്ങൾ കടന്നുപോകുന്ന ഒരു വഴിയോരത്ത് ഞാൻ ഇരുന്നു. ഹദ്റത്ത് അബൂബക്കർ(റ) എന്റെ അടുത്തുകൂടെ കടന്നുപോയി. ഞാൻ അദ്ദേഹത്തോട് വിശുദ്ധ ഖുർആനിലെ ഒരായത്തിന്റെ ആശയമെന്താണെന്ന് ചോദിച്ചു. എന്റെ ഉദ്ദേശ്യം എന്റെ അവസ്ഥ അറിഞ്ഞ് അദ്ദേഹം എനിക്ക് ഭക്ഷണം നൽകട്ടെ എന്നായിരുന്നു. എന്നാൽ അദ്ദേഹം ആയത്തിന്റെ വ്യാഖ്യാനം വിവരിച്ചുതന്നു കടന്നുപോയി. പിന്നീട് ഹദ്റത്ത് ഉമർ(റ) കടന്നുവന്നു. അദ്ദേഹത്തോടും ഞാൻ വിശദീകരണം ചോദിച്ചെങ്കിലും അദ്ദേഹവും വിശദീകരണം നൽകി കടന്നു പോയി. തുടർന്ന് എന്റെ അടുത്ത് കൂടെ ഹദ്റത്ത് റസൂലു

ഈ അസ്ഹാബുസ്സുഫ്ഹയെ തിരുനബി(സ) അതിഥിയായാണ് പരിഗണിച്ചിരുന്നത്. അതുകൊണ്ടാണ് അവരെ ആദ്യം കുടിപ്പിച്ചത്. തിരുനബി(സ) ആദ്യം കുടിച്ചിരുന്നെങ്കിലും ഇതിലുള്ള അനുഗ്രഹം നിലനിൽക്കുമായിരുന്നു. എന്നാൽ അതിഥിസൽക്കാരം എന്ന നിലയിലാണ് ആദ്യം അവർക്ക് നൽകിയത്. തിരുനബി(സ)യുടെ വാക്കുകൾ ശ്രവിക്കാൻ അവർ ഈ രീതിയിൽ പള്ളികളിൽ കഴിച്ചുകൂട്ടുന്നതിനെ തിരുനബി(സ) ഇഷ്ടപ്പെട്ടിരുന്നു. ഒരവസരത്തിൽ ഹദ്റത്ത് അബൂഹുറൈറ(റ)ന്റെ സഹോദരനോട് തിരുനബി(സ) അരുളി,"ഇവർ ദീൻ പഠിക്കാനാണ് ഇവിടെ ഇരിക്കുന്നത്. അവരുടെ വീടും കച്ചവടവുമെല്ലാം നിങ്ങൾ ശരിക്കും നോക്കി നടത്തണം."

മക്ക വിജയത്തിനുശേഷം പുറമേനിന്ന് യാത്രാസംഘങ്ങൾ വന്നു തുടങ്ങിയപ്പോൾ അവരെയും തിരുനബി(സ) വളരെയധികം ആദരിച്ചിരുന്നു. ഹദ്റത്ത് ബിലാൽ(റ)ആണ് തിരുനബി(സ)യുടെ കണക്കുകളും മറ്റും നോക്കിയിരുന്നത്. അദ്ദേഹത്തോട് അതിഥികൾക്ക് ശരിക്കും ആതിഥ്യമരുളാൻ കൽപ്പിക്കാറുണ്ടായിരുന്നു. അവർക്ക് വേണ്ട സമ്മാനങ്ങളും മറ്റും ഒരുക്കാൻ കൽപ്പിച്ചിരുന്നു. ബഹ്റൈനിൽനിന്ന് ഒരു സംഘം ആളുകൾ വന്നു. റബീആ ഗോത്രത്തിലെ ആളുകളായിരുന്നു അത്. ഈ ഗോത്രത്തിലുള്ളവർ തിരുനബി(സ)യുടെ പിതാമഹന്റെ സഹോദരനുമായി ബന്ധപ്പെട്ടവരാണ്. പരസ്പരം തമ്മിലടികാരണം വർഷങ്ങൾക്കുമുമ്പ് ഇവർ ഹിജ്റത്ത് ചെയ്ത് ബഹ്റൈനിൽ പോയി താമസിക്കുകയായിരുന്നു. അവരെ കണ്ടപ്പോൾ തിരുനബി(സ) വളരെയധികം സന്തോഷിച്ചു. വേർപിരിഞ്ഞ രണ്ടുസഹോദരങ്ങളുടെ സന്താനങ്ങൾ ഇപ്പോൾ ഒന്നിക്കുകയാണ്. അവർക്ക് ഊഷ്മള സ്വീകരണം നൽകി. അവരുടെ നേതാവിനെ തന്റെ അടുത്തിരുത്തി. സ്നേഹവാത്സല്യത്തോടെ അവരുമായി ബന്ധപ്പെട്ടു. അൻസാരികളോട് പറഞ്ഞു, ഇതാ ഇവരെ നല്ലതുപോലെ നോക്കണം. നിങ്ങൾക്ക് ഇവരുമായി ഒരു ബന്ധമുണ്ട്. ഇവരും നിങ്ങളെപോലെ സ്വയം മുസ്‌ലിംകളായി വന്നവരാണ്.

അടുത്തദിവസം ഇവർ തിരുനബി(സ)യുടെ അടുത്ത് വന്നപ്പോൾ അവരോട് ചോദിച്ചു, നിങ്ങളുടെ സഹോദരന്മാർ ശരിക്കും നിങ്ങളെ നോക്കിയിട്ടില്ലേ? വല്ല കുറവും വന്നിരുന്നോ? അപ്പോൾ അവർ പറഞ്ഞു, ഇവർ ഞങ്ങളുടെ ഏറ്റവും നല്ല സുഹൃത്തുക്കളാണ്. ഇവർ ഞങ്ങൾക്ക് നല്ല ഭക്ഷണം തയ്യാറാക്കിത്തരികയും കിടക്കാനുള്ള നല്ല സൗകര്യം ഒരുക്കിത്തരികയും ചെയ്തു. മാത്രമല്ല, വെളുപ്പാൻ നേരത്ത് ഞങ്ങൾക്ക് വിശുദ്ധഖുർആനിലെ കാര്യങ്ങളും തിരുചര്യകളും പറഞ്ഞു തരികയും ചെയ്തു."

ഇതായിരുന്നു സഹാബത്തിന്റെ മാതൃക. അൻസാറുകൾ ഹിജ്റത്ത് വേളയിൽ മുഹാജിറുകളുമായി സാഹോദര്യത്തിന്റെ ഉദാത്തമാതൃകയാണ് കാഴ്ചവെച്ചിരുന്നത്. തിരുനബി(സ)യുടെ വിശുദ്ധീകരിക്കുവാനുള്ള ശക്തി അവരെ ഒന്നുകൂടെ മോടി പിടിപ്പിക്കുകയുണ്ടായി. ഹദ്റത്ത് അബ്ദുള്ളാ ഇബ്നു ഉമർ വിവരിക്കുന്നു. തിരുനബി(സ) അരുളി, 'നിങ്ങളുടെ അടുത്ത് ഏതെങ്കിലും നാട്ടിലെയോ, സമൂഹത്തിലേയോ, നേതാവോ, ആദരണീയ വ്യക്തിയോ വന്നാൽ അവരുടെ നിലയനുസരിച്ച് അവരെ ആദരിക്കേണ്ടതാണ്.

നേതാക്കന്മാരെയും ആദരണീയവ്യക്തികളെയും പ്രത്യേകമായ രീതിയിൽ ആദരിക്കാൻ പറഞ്ഞിട്ടുണ്ടെങ്കിലും എല്ലാ അതിഥികളും അവർ മുസ്‌ലിമാകട്ടെ, അമുസ്‌ലിമാകട്ടെ തിരുനബി(സ) അവരെ ആദരിക്കാറുണ്ടായിരുന്നു. മുസ്‌ലിംകളോടും ഇതുതന്നെയാണ് കൽപിച്ചിരിക്കുന്നത്.

ല്ലാഹി(സ) കടന്നുപോയി. എന്റെ അവസ്ഥ കണ്ടുകൊണ്ട് വളരെ വാത്സല്യത്തോടെ എന്നോട് ചോദിച്ചു, 'അബൂഹുറൈറ!' ഞാൻ ലബ്ബൈക്ക് പറഞ്ഞു. 'എന്റെ കൂടെ വരിക'.ഞാൻ തിരുനബി(സ)യുടെ പിന്നാലെ നടന്നു. അവിടുന്ന് വീട്ടിലെത്തി അകത്തേക്ക് കടന്നപ്പോൾ അകത്ത് പ്രവേശിക്കാൻ ഞാനും അനുവാദം ചോദിച്ചു. ഞാനും അവിടുത്തെ അനുവാദത്തോടെ അകത്ത് പ്രവേശിച്ചു. വീട്ടിൽ ഒരു പാത്രം പാൽ കണ്ടു. തിരുനബി(സ) വീട്ടുകാരോട് ചോദിച്ചു, 'ഈ പാൽ എവിടെനിന്ന് കിട്ടി?.' ഇന്ന വ്യക്തി ഇത് തന്നതാണെന്ന് വീട്ടുകാർ മറുപടി പറഞ്ഞു. തുടർന്ന് റസൂൽ(സ) എന്നെ വിളിച്ചു. 'അബൂഹുറൈറ!' ഞാൻ പറഞ്ഞു, ഹുസൂർ അരുളിയാലും. സുഫ്ഫയിലുള്ള എല്ലാവരെയും വിളിച്ചുകൊണ്ടുവരിക. -(ഇവർ എല്ലാം ഇസ്‌ലാമിന്റെ അതിഥികളായിരുന്നു. അവർക്ക് സ്വന്തം വീടോ തൊഴിലോ ഉണ്ടായിരുന്നില്ല. തിരുനബി(സ)യുടെ അടുത്ത് സദഖയുടെ ധനം വരുമ്പോൾ അത് അവർക്ക് നൽകുമായിരുന്നു. അതിൽ നിന്ന് ഒന്നും തിരുനബി (സ) എടുക്കുമായിരുന്നില്ല. ആരെങ്കിലും വല്ലതും സമ്മാനിച്ചാൽ അതിൽനിന്ന് കുറച്ച് സുഫ്ഫയിലുള്ളർക്ക് കൊടുക്കും. അൽപ്പം സ്വയം എടുക്കുകയും ചെയ്യും)-.

ചുരുക്കത്തിൽ തിരുനബി(സ) അവരെ വിളിക്കാൻ എന്നോട് പറഞ്ഞു. ഇത് എന്നെ ആശ്ചര്യപ്പെടുത്തുകയുണ്ടായി. ആകെയുള്ളത് ഒരു പാത്രം പാലാണ്. സുഫ്ഫയിലുള്ളവരിൽ എത്രപേർക്ക് ഇത് മതിയാകും! എനിക്കാണെങ്കിൽ അവരെക്കാളും കൂടുതൽ ഇതിന്റെ ആവശ്യമുണ്ട് താനും. കാരണം അത് കുടിച്ചാൽ അൽപ്പമെങ്കിലും എനിക്ക് ക്ഷീണം മാറുകയും ആരോഗ്യം വീണ്ടെടുക്കുകയും ചെയ്യാമായിരുന്നു. ഇനി അവരെല്ലാവരും വന്നതിനുശേഷം ആദ്യം അവരെ കുടിപ്പിക്കാൻ എന്നോട് പറഞ്ഞാൽ പിന്നെ എന്റെ കാര്യം പറയേണ്ടതില്ല. പാൽ എല്ലാം തീർന്നുപോകും. എനിക്കൊട്ടും ലഭിക്കില്ല. ഏതായിരുന്നാലും അല്ലാഹുവിന്റെ റസൂലിന്റെ കൽപനയാണ്. അങ്ങിനെ അദ്ദേഹം അവരെ വിളിച്ചുകൊണ്ടുവന്നു. എല്ലാവരും എത്തി അവിടെ ഇരുന്നപ്പോൾ തിരുനബി(സ) പാൽ പാത്രം എനിക്ക് തന്ന് ഓരോരുത്തർക്കായി അത് കുടിക്കാൻ കൊടുക്കാൻ പറഞ്ഞു. അപ്പോൾ ഞാൻ എന്റെ മനസ്സിൽ കരുതി, ഇനി രക്ഷയില്ല. എനിക്ക് ഒട്ടും ലഭിക്കില്ല. ഏതായിരുന്നാലും ഞാൻ ഓരോരുത്തർക്കായി പാത്രം നൽകിക്കൊണ്ടിരുന്നു. എല്ലാവരും കുടിച്ചു. എല്ലാവരും കുടിച്ചുകഴിഞ്ഞപ്പോൾ പാത്രം ഞാൻ തിരുനബി(സ)ന് നൽകി. എല്ലാവരും ശരിക്കും കുടിച്ചിട്ടുണ്ടെന്ന് ഞാൻ പറഞ്ഞു. തിരുനബി (സ) എന്നെ നോക്കി പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു, അബൂഹുറൈറ; ഞാൻ പറഞ്ഞു, ഹുസൂർ! അരുളിയാലും. തിരുനബി(സ) അരുളി, ഇനി നമ്മൾ രണ്ടുപേർ മാത്രമേ ബാക്കിയുള്ളൂ. ഞാൻ പറഞ്ഞു, അതേ ഹുസൂർ. തിരുനബി(സ) അരുളി, ഇരിക്കൂ. നിങ്ങൾക്ക് വേണ്ടത്ര കുടിച്ചോളൂ. ഞാൻ കുറേ കുടിച്ചു. കുടി നിർത്തിയപ്പോൾ തിരുനബി(സ) അരുളി. അബൂഹുറൈറ, ഇനിയും കുടിച്ചാലും. ഞാൻ വീണ്ടും കുടിച്ചു. ഞാൻ കുടിനിർത്തിയാൽ തിരുനബി(സ) പറയും, അബൂഹുറൈറ ഇനിയും കുടിക്ക്. എന്റെ വയറ് നല്ലതുപോലെ നിറഞ്ഞപ്പോൾ ഞാൻ പറഞ്ഞു, സത്യവും നൽകിക്കൊണ്ട് താങ്കളെ അയച്ചവനാണെ സത്യം, ഇനി അൽപ്പം പോലും കുടിക്കാനുള്ള സ്ഥലമില്ല. അതിനുശേഷം ഈ പാത്രം ഞാൻ തിരുനബി(സ)യെ ഏൽപ്പിച്ചു. തിരുനബി(സ) അത് വാങ്ങി അല്ലാഹുവിനെ സ്തുതിച്ചതിനുശേഷം ബിസ്മില്ലാഹ് ചൊല്ലി കുടിക്കുകയും ചെയ്തു.

ഉസർ ഗോത്രത്തിലെ ആളുകൾ വളരെ മോശമായ അവസ്ഥയിൽ ശരീരം മറക്കാനുള്ള വസ്ത്രമൊന്നും ഇല്ലാതെ വാളും തൂക്കിയിട്ട് തിരുനബി(സ)യുടെ അതിഥികളായെത്തി. അവരുടെ ഈ അവസ്ഥ കണ്ട് അവിടുന്ന് അസ്വസ്ഥനായി. മദീനയിലുള്ളവരെ ഉടനെ ഒരുമിച്ച് കൂട്ടുകയും അവർക്ക് വേണ്ട ഭക്ഷണത്തിനും വസ്ത്രത്തിനുമുള്ള ഏർപ്പാടുകൾ ചെയ്യുകയും ചെയ്തു. എല്ലാം ശരിയാവുന്നതുവരെ അവിടുന്ന് വളരെ അസ്വസ്ഥനായിരുന്നു. എല്ലാം ശരിയായെന്നറിഞ്ഞപ്പോൾ സ്വർണ്ണപാത്രം തിളങ്ങുന്നതുപോലെ തിരുനബി(സ) യുടെ മുഖം തിളങ്ങാൻ തുടങ്ങി.

ഈ ഒരു മാതൃകയാണ് ഇക്കാലത്ത് തിരുനബി(സ) മിന്റെ യഥാർത്ഥദാസനും കാണിച്ചുതന്നിട്ടുണ്ടുള്ളത്.

ബദർ പത്രത്തിൽ ഇപ്രകാരം ഒരു നിവേദനം രേഖപ്പെടുത്തിയതായി കാണാം. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഗുരുദാസ്പൂർ യാത്രയിലായിരുന്നു. അവിടെ ആരെങ്കിലും കാണാൻ വന്നാലും അവരുടെ ആവശ്യങ്ങൾ എന്താണെന്ന് നോക്കി അതും പരിഹരിക്കാൻ ശ്രമിച്ചിരുന്നു.

പത്രത്തിൽ ഇപ്രകാരം എഴുതുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ അതിഥിസൽക്കാരം തിരുനബി(സ)യുടെ അതിഥി സൽക്കാരത്തേപ്പോലെ ഉദാത്തമാതൃകയായിരുന്നു. അതിഥികൾ അവർ ജമാഅത്തിലുള്ളവരാണെങ്കിലും പുറത്തുള്ളവരാണെങ്കിലും അവർക്ക് വളരെ നിസ്സാരപ്രയാസം പോലും നേരിടുന്നത് ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ വളരെ അസ്വസ്ഥനാക്കിയിരുന്നു എന്ന് അദ്ദേഹത്തിന്റെ കൂടെ അൽപ്പകാലം ജീവിച്ചവർക്ക് പോലും അറിയാവുന്നതാണ്. ആത്മാർത്ഥരായ അംഗങ്ങൾക്കാണെങ്കിൽ ആ മഹാത്മാവിന്റെ ഹൃദയത്തിൽ പ്രതേക ആദരവുണ്ടായിരുന്നു .

ഇതുമായി ബന്ധപ്പെട്ട ഒരുസംഭവം ഞങ്ങൾ ചുവടെ ചേർക്കുന്നു.

ലാഹോറിലെ അഹ്മദിയ്യാ കവിയായിരുന്ന മിയാൻ ഹിദായത്തുല്ലാഹ് സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ അനുരക്തനായിരുന്നു. ഈ വാർദ്ധക്യകാലത്തും ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ കാണാനായി അദ്ദേഹം ഗുരുദാസ്പൂരിൽ വന്നു. ഇന്ന് അദ്ദേഹം തിരിച്ചുപോകാനായി അനുവാദം ചോദിച്ചപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) അദ്ദേഹത്തോടു ചോദിച്ചു. അവിടെപോയി എന്തുചെയ്യാനാണ്? ഇവിടെതന്നെ തങ്ങിയാൽ പോരെ? ഇവിടെ നിന്ന് നമുക്കൊരുമിച്ചുപോകാം.താങ്കൾ ഇവിടെനിൽക്കുന്നത് അനുഗ്രഹത്തിന് കാരണമാണ്. വല്ല പ്രയാസവുമുണ്ടെങ്കിൽ പറയുക. അത് പരിഹരിക്കപ്പെടുന്നതാണ്. " തുടർന്ന് ഹുസൂർ ജമാഅത്തിനെ മൊത്തത്തിൽ ഉപദേശിച്ചുകൊണ്ട് പറഞ്ഞു, ആളുകൾ കൂടുതലുള്ളതുകൊണ്ട് ഓരോരുത്തരുടേയും ആവശ്യങ്ങൾ എന്താണെന്ന് ഒരു പക്ഷേ ഡ്യൂട്ടിയിലുള്ളവർ അറിയുന്നുണ്ടാവില്ല. അതുകൊണ്ട് ആർക്ക് എന്താവശ്യമാണോ ഉള്ളത് അത് മടികൂടാതെ പറയുക. അവർ മനഃപൂർവ്വം മൂടിവെക്കുകയാണെങ്കിൽ അവൻ പാപികളാണ്. നമ്മുടെ ജമാഅത്തിന്റെ തത്വം തന്നെ കാര്യങ്ങൾ തുറന്ന് പറയുക എന്നതാണ്. തുടർന്ന് മിയാൻ ഹിദായത്തുള്ള സാഹിബിന്റെ കാര്യങ്ങൾ നോക്കുന്നതിന് സയ്യിദ് സർവർ ശാ സാഹിബിനെ ഏൽപ്പിക്കുകയും ചെയ്തു.

അതിഥികളെക്കുറിച്ച് എത്രമാത്രം അദ്ദേഹത്തിൽ ഉൽക്കണ്ഠയായിരുന്നു എന്നത് ചുവടെ ചേർക്കുന്ന വരികളിൽ നിന്നും മനസ്സിലാകുന്നതാണ്.

സയ്യിദ് ഹബീബുല്ലാ സാഹിബിനോട് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇപ്രകാരം അരുളി. ഇന്ന് എനിക്ക് തീരെ സുഖമില്ലായിരുന്നു. പുറത്തേക്ക് വരാൻ തന്നെ കഴിയാത്ത ഒരവസ്ഥയായിരുന്നു. എന്നാൽ താങ്കൾ വന്നെന്നറിഞ്ഞപ്പോൾ ഞാൻ മനസ്സിൽ ചിന്തിച്ചു. അതിഥി ഇത്രയും പ്രയാസപ്പെട്ട് വന്നതുകൊണ്ട് അവർക്ക് ഞാനുമായി കൂടിക്കാഴ്ച നടത്തുക എന്നത് അവരുടെ അവകാശമാണ്. ഈ അവകാശത്തെ നിറവേറ്റാനാണ് ഞാനിപ്പോൾ പുറത്തേക്ക് വന്നത്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) മുൻശി അബ്ദുൽ ഹഖ് സാഹിബിനോട് പറഞ്ഞു. താങ്കൾ ഞങ്ങളുടെ അതിഥിയാണ്. ഉള്ള് തുറന്ന് പറയുന്ന അതിഥിക്കാണ് സൗകര്യം ലഭിക്കുകയുള്ളൂ. താങ്കൾക്ക് എന്താണോ ആവശ്യമുള്ളത് അത് എന്നോട് മടികൂടാതെ പറയുക. തുടർന്ന് ജമാഅത്തിനെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു. നോക്കൂ. ഇദ്ദേഹം നമ്മുടെ അതിഥിയാണ്. നിങ്ങൾ ഓരോരുത്തരും തന്നെ ഇദ്ദേഹത്തോട് സദ്സ്വഭാവത്തോടുകൂടി പെരുമാറുക. ഇദ്ദേഹത്തിന് ഒരു വിധ പ്രയാസവും ഇല്ലാതിരിക്കുന്നതിന്നായി പരിശ്രമിക്കേണ്ടതാണ്. ഇതും പറഞ്ഞ് ഹുസൂർ വീട്ടിലേക്ക് പോയി.

ഒരിക്കൽ ഞങ്ങളോട് പറഞ്ഞു. അതിഥിയുടെ ഹൃദയം കണ്ണാടി പോലെയാണ്. അതിന് അൽപമൊന്ന് പ്രഹരമേറ്റാൽ മതി അത് പൊട്ടിപ്പോകും. അതുകൊണ്ട് വളരെ സൂക്ഷ്മമായി പെരുമാറുക.

ഒരവസരത്തിൽ പറയുകയുണ്ടായി. അതിഥി വരികയും അദ്ദേഹം ദേഷ്യപ്പെട്ട് സംസാരിക്കുകയും കയർക്കുകയും ചെയ്താൽ പോലും നിങ്ങൾ മിണ്ടാതിരിക്കുക. ഒരിക്കൽ ഇപ്രകാരം പറഞ്ഞു. ലങ്കർഖാനയിലെ മേൽനോട്ടക്കാരനോട് താക്കീത് ചെയ്ത് ഇപ്രകാരം പറഞ്ഞാലും ;എല്ലാവരുടെയും ആവശ്യങ്ങൾ പരിഗണിക്കേണ്ടതാണ്, അദ്ദേഹം ഒറ്റക്കെ ഉള്ളൂ. ജോലിയാണെങ്കിൽ വളരെ കൂടുതലും. അദ്ദേഹത്തിന് എല്ലാവരേയും നോക്കാൻ കഴിഞ്ഞെന്ന് വരില്ല. അതുകൊണ്ട് മറ്റുള്ളവർ അദ്ദേഹത്തെ ഓർമ്മപ്പെടുത്തുക. ആരുടെയെങ്കിലും മുഷിഞ്ഞ വസ്ത്രം കണ്ടോ മറ്റോ അദ്ദേഹത്തിന് ആതിഥ്യമരുളുന്നതിൽ നിന്നും വിട്ടുനിൽക്കരുത്. അതിഥികൾ എല്ലാം ഒരുപോലെയാണ്. പരിചയമില്ലാത്തവരുടെ എല്ലാ ആവശ്യങ്ങളും ശരിക്കും പരിഹരിച്ചു കൊടുക്കേണ്ടത് നമ്മുടെ കടമയാണ്. ചിലപ്പോൾ കക്കൂസ് എവിടെയാണെന്ന് പോലും ചിലർക്കറിവുണ്ടാകില്ല. അതുകൊണ്ട് അവർ വല്ലാതെ വിഷമിക്കുന്നു. അതിനാൽ അതിഥികളുടെ ആവശ്യങ്ങൾ എന്താണെന്ന് എപ്പോഴും പരിശോധിക്കേണ്ടതാണ്. ഞാൻ പലപ്പോഴും രോഗിയാണ്. അതുകൊണ്ട് അന്വേഷിക്കാൻ കഴിയില്ല. എന്നാൽ ഈ ഡ്യൂട്ടിക്കായി ആരെയാണ് പ്രതിനിധികളായി നിയമിച്ചിരിക്കുന്നത് പരാതികളൊന്നും ഇല്ലാതെ നോക്കേണ്ടത് അവരുടെ കടമയാണ്.

നിസ്സാര ആവശ്യങ്ങൾ പോലും ആ മഹാത്മാവ് പരിഗണിച്ചിരുന്നു. ഹസ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് സീറത്തുൽ മഹ്ദിയിൽ ഒരു രിവായത്ത് മൗലവി അബ്ദുല്ലാഹ് സനോരി സാഹിബിൽ നിന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ബൈത്തുൽ ഫിഖ്റിൽ കിടക്കുകയായിരുന്നു. ഞാൻ കാൽ തിരുമ്മികൊടുക്കുകയായിരുന്നു. ലാലാ മുല്ലാവാമേലോ, ലാല ശരംവത്തോ വന്ന് കതക് മുട്ടി. ഞാൻ കവാടം തുറക്കാനായി എഴുന്നേറ്റപ്പോൾ ഹുസൂർ ഞൊടിയിടയിൽ എഴുന്നേൽക്കുകയും എന്നെക്കാളും മുമ്പിൽ പോയി കതക് തുറക്കുകയും ചെയ്തു. എന്നിട്ട് ഹുസൂർ ഇരുന്ന സ്ഥലത്ത് തന്നെ പോയി ഇരുന്നു. എന്നിട്ട് എന്നോട് പറഞ്ഞു. താങ്കൾ നമ്മുടെ അതിഥിയാണ്. ഹദ്റത്ത് റസൂലുല്ലാഹി (സ) അരുളിയിട്ടുണ്ട്, അതിഥികളെ ആദരിക്കണമെന്ന്.

ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബ് (റ) വിവരിക്കുന്നു.

4 വർഷം മുമ്പ് നടന്ന ഒരു സംഭവമാണ്. ഹുസൂറിന്റെ വീട്ടുകാർ ലുധിയാനയിൽ പോയതായിരുന്നു. ജൂൺ മാസമായിരുന്നു. വീട് പുതുതായി നിർമ്മിച്ചതായിരുന്നു. അവിടെ കട്ടിൽ ഇട്ടിരുന്നു. ഉച്ച സമയം ഞാൻ ആ കട്ടിലിൽ കിടന്നു. ഹുസൂർ അവിടെ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയായിരുന്നു. പെട്ടെന്ന് ഞാൻ ഉറങ്ങിപ്പോയി. എന്റെ കണ്ണ് തുറന്നപ്പോൾ ഞാൻ കാണുന്നത് എന്റെ കട്ടിലിന് താഴെ കിടക്കുന്ന ഹദ്റത്ത് സാഹിബിനെയാണ്. ഇത് കണ്ടപ്പോൾ വെപ്രാളപ്പെട്ടുകൊണ്ട് ഞാൻ എഴുന്നേറ്റുനിന്നു. വളരെ വാത്സല്യത്തോടെ എന്നോട് ചോദിച്ചു. താങ്കൾ എന്തിനാണ് എഴുന്നേറ്റത്. ഞാൻ പറഞ്ഞു. ഹുസൂർ താഴെ കിടക്കുമ്പോൾ ഞാൻ മുകളിൽ കിടക്കുകയോ. ഇതുകേട്ടപ്പോൾ ഹുസൂർ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു. ഞാൻ താങ്കൾക്ക് കാവൽ നിൽക്കുകയായിരുന്നു. കുട്ടികൾ ഇവിടെകിടന്ന് ഒച്ചപ്പാടുണ്ടാക്കിയപ്പോൾ നിങ്ങളുടെ ഉറക്കത്തിന് വിഘ്നമുണ്ടാകാതിരിക്കാൻ ഞാൻ അവരെ തടയുകയായിരുന്നു.

മൗലവി ഹസൻ അലി സാഹിബ് ഒരു സംഭവം എഴുതുന്നു. താഈദെഹഖ് എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥത്തിലാണ് ഇത് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഹദ്റത്ത് മസീഹ് മൗഊദിന്റെ അതിഥി സൽക്കാരം എന്നെ അത്ഭുതപ്പെടുത്തി. ഞാൻ വളരെ നിസ്സാരമായ ഒരു കാര്യം ഇവിടെ കുറിക്കട്ടെ. പഠിതാക്കൾക്ക് ഇതിൽ നിന്ന് അദ്ദേഹത്തിന്റെ അതിഥി സത്ക്കാരത്തെക്കുറിച്ച് മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

പാൻ (മുറുക്കാൻ) തിന്നുന്ന ദുശ്ശീലം എനിക്കുണ്ടായിരുന്നു. അമൃതസറിൽ എനിക്ക് പാൻ കാട്ടി. എന്നാൽ ബട്ടാലയിൽ എവിടെ അന്വേഷിച്ചിട്ടും പാൻ കാട്ടിയില്ല. ഞാൻ ഏലക്കെയെല്ലാം കഴിച്ച് സമയം തള്ളി നീക്കി. ആരോ എന്റെ ഈ ദുശ്ശീലത്തെക്കുറിച്ച് ഹദ്റത്ത് സാഹിബിനോട് പറഞ്ഞു. മിർസാ സാഹിബ് ഗുരുദാസ്പൂരിൽ പാൻ കൊണ്ടുവരാൻ ഒരാളെ പറഞ്ഞയച്ചു. അടുത്ത ദിവസം ഉച്ചക്ക് 12 മണിക്ക് ഭക്ഷണം കഴിച്ചു കഴിഞ്ഞപ്പോൾ എനിക്ക് പാൻ റഡിയായിരുന്നു. 16 മൈൽ ദൂരത്ത് നിന്നാണ് എനിക്കായി പാൻ വരുത്തിച്ചത്.

മറ്റുള്ളവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ പോലും ആ മഹാത്മാവ് നിറവേറ്റാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഇത്രമാത്രം തിരക്കുപിടിച്ച ജീവിതമായിരുന്നിട്ടുകൂടി ഇവയെല്ലാം ശ്രദ്ധിച്ചു ചെയ്തിരുന്നു.

അല്ലാഹു ഹദ്റത്ത് മസീഹ്മൗഊദ് (അ) നോട് പലപ്രാവശ്യം അറിയിക്കുകയുണ്ടായി. يأتون من كل فج عميق നിന്റെ അടുത്തേക്ക് ജനങ്ങൾ കൂട്ടം കൂട്ടമായി വരുന്നതാണ്. അവർ വരുന്ന വഴികൾ കുണ്ടും കുഴിയുമായിത്തീരുന്നതാണ്. ولا تسئم من الناس ജനങ്ങളുടെ ആധിക്യം കാരണം അവരുമായി മുലാകാത്ത് നടത്തുന്നതിൽ ക്ഷീണിച്ചുപോകരുത്.

ജനങ്ങൾ കൂട്ടംകൂട്ടമായി വരുന്ന സന്ദർഭങ്ങളിലും അവരെ സൽക്കരിക്കുകയും അവരുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്ത എത്രയോ സംഭവങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജീവിതത്തിൽ നമുക്ക് കാണാൻ സാധിക്കും. ഇതെല്ലാം തന്നെ നടപ്പിൽ വരുത്തുവാനുള്ള കാരണം അദ്ദേഹത്തിന്റെ യജമാനരായ ഹദ്റത്ത് റസൂലുല്ലാഹി (സ) തിരുമേനിയുടെ തിരുചര്യകളായിരുന്നു ഇവയെല്ലാം. ഈ സദ്ഗുണം നമ്മിൽ ഉണ്ടാക്കുക എന്നതാണ് നമ്മുടെ കടമ. പല തരത്തിലുള്ള അതിഥികളും വരാറുണ്ട്. രക്തബന്ധത്തിലുള്ള അതിഥികളും, സുഹൃത്ത് ബന്ധത്തിലുള്ള അതിഥികളും വരാറുണ്ട്. ഓരോരുത്തരും വ്യക്തിപരമായി അവർക്ക് ആതിഥ്യമരുളാറുണ്ട്.

എന്നാൽ ഇപ്പോൾ അടുത്ത ജുമുആക്ക് തുടങ്ങുന്ന ജൽസയിൽ പങ്കെടുക്കാൻ വേണ്ടി വരുന്ന അതിഥികൾ എത്തിക്കൊണ്ടിരിക്കുകയാണ്. ഈ ജൽസ അല്ലാഹുവിൽ നിന്നും അറിയിപ്പ് ലഭിച്ചുകൊണ്ട് മതപരമായ കാര്യങ്ങൾക്കായി മാത്രം ഹദ്റത്ത് മസീഹ് മൗഊദ് (അ) തുടങ്ങിയതാണ്. ഇതിൽ പങ്കെടുക്കുന്നവർക്കായി ആ മഹാത്മാവ് പ്രത്യേകമായി പ്രാർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഇവർ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ പ്രത്യേക അതിഥികളാണ്. ദീനി ഉദ്ദേശ്യം ഒന്നുമാത്രം മുന്നിൽ കണ്ടുകൊണ്ടാണ് ഇവരെല്ലാം വരുന്നത്. ഇത് തന്നെയായിരിക്കും നിയ്യത്ത് എന്ന് നാം പ്രതീക്ഷിക്കുന്നു. അവർക്ക് ആതിഥ്യമരുളേണ്ടത് നമ്മുടെ കടമയാണ്. അല്ലാഹുവിന്റെ പ്രീതി ഒന്നുമാത്രം കാംക്ഷിച്ചുകൊണ്ടായിരിക്കണം നാം ഇത് ചെയ്യേണ്ടത്. ദീനീസഹോദരന്മാർ എന്ന ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് നിർവ്വഹിക്കേണ്ടത്. അതുകൊണ്ട് ആരെയെല്ലാം ജൽസയുടെ ഡ്യൂട്ടികൾ ഏൽപ്പിച്ചിട്ടുണ്ടോ അവർ കഠിനപ്രയത്നത്തിലൂടെ, ഉന്നത സ്വഭാവ ഗുണങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് ക്ഷമയോടും ഉന്മേഷത്തോടും കൂടി അവരുടെ ജോലികൾ ചെയ്യേണ്ടതാണ്. ഓരോ അതിഥിയുടേയും ചെറിയ ചെറിയ ആവശ്യങ്ങൾ പോലും നിറവേറ്റുക. അവരുടെ എല്ലാ പ്രയാസങ്ങളും പരിഹരിക്കാൻ ശ്രമിക്കുക. ഓരോരുത്തരും അവരുടെ വിശിഷ്ഠഅതിഥികളാണെന്ന് കരുതുമാറുള്ള രീതിയിലാണ് ജൽസാ സംവിധാനം അവരോട് വർത്തിക്കേണ്ടത്. ഡ്യൂട്ടി ചെയ്യുന്ന എല്ലാവർക്കും അവരുടെ കടമകൾ നല്ല രീതിയിൽ നിർവ്വഹിക്കുവാനുള്ള തൗഫീഖ് അല്ലാഹു നൽകുമാറാകട്ടെ.

ജുമുആക്ക് ശേഷം രണ്ട് ജനാസ ഗാഇബ് നമസ്കരിക്കുന്നതാണ്. ആദ്യകാല മുറബി സിൽസില ആയിരുന്ന ചൗധരി മഹ്മൂദ് അഹ്മദ് സാഹിബ് ചീമ ജൂലൈ 14ന് 81-ാം വയസ്സിൽ റബ്വയിൽ വെച്ച് വഫാത്തായി എന്ന് അറിയാൻ സാധിച്ചു. إنا لله وإنا إليه راجعون 1939ൽ മദ്റസ അഹ്മദിയ്യാ ഖാദിയാനിൽ പ്രവേശിച്ചു. 1949ൽ മൗലവി ഫാസിൽ പാസ്സായി . ജാമിഅത്തുൽ മുബശ്ശിരീനിൽ നിന്നും ശാഇദ് ബിരുദം കരസ്ഥമാക്കി. സറാലിയോണിലാണ് ആദ്യം അദ്ദേഹത്തെ നിയമിച്ചത്. അവിടെനിന്ന് തിരിച്ചെത്തിയശേഷം കേന്ദ്രത്തിൽ വിവിധ ഓഫീസുകളിലും തുടർന്ന് ജർമ്മനിയിലും ഇന്തോനേഷ്യയിലും മുറബ്ബിയായും സേവനമനുഷ്ഠിച്ചു. ഇന്തോനേഷ്യയിലെ സേവനകാലം 33 വർഷമായിരുന്നു. മുറബ്ബി ഇൻചാർജായും അവിടെ സേവനമനുഷ്ഠിച്ചിട്ടുണ്ട്. 96ൽ സർവീസിൽ നിന്നും റിട്ടയർ ചെയ്തതിനുശേഷം ഇന്തോനേഷ്യയിൽ ജമാഅത്തിന് വേണ്ടി പ്രവർത്തിച്ചുകൊണ്ടിരുന്നു. ഇന്തോനേഷ്യൻ ജമാഅത്തിലെ പ്രിൻസിപ്പളായും കുറച്ച് കാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2002 ൽ സ്ഥിരമായി റബ്വയിലേക്ക് തിരിച്ചുവന്നു. അവസാനം വരെ ഇവിടെ തന്നെയാണ് താമസിച്ചത്. 1966ൽ ഹജ്ജ് ചെയ്യാനുള്ള ഭാഗ്യം ലഭിച്ചിരുന്നു. സ്വാത്തികനും മുഖ്ലിസും കൂറുള്ള ആളും ദീനിസേവനത്തിന് എപ്പോഴും ആവേശമുള്ള വ്യക്തിയുമായിരുന്നു. സരള പ്രകൃതമായിരുന്നു. ഖിലാഫത്തിനോട് പൂർണ്ണമായും കൂറ് പുലർത്തിയിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ നന്മകൾ മക്കളിലും നിലനിറുത്തുമാറാകട്ടെ. പെൺകുട്ടികളാണുള്ളത്. അവർക്കെല്ലാവർക്കും അല്ലാഹു ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ.

രണ്ടാമത്തെ ജനാസ സാഹിബ് സാദി അമത്തുൽ മുഅ്മിൻ സാഹിബയുടേതാണ്. മിർസാ നഈം അഹ്മദ് സാഹിബിന്റെ ഭാര്യയായിരുന്നു ഇവർ. 14 ജൂലായ് 69-ാം വയസ്സിൽ വഫാത്തായി. إنا لله وإنا إليه راجعون സാഹിബ് സാദാ മിർസാ ശരീഫ് അഹ്മദ് സാഹിബിന്റെ മകളുടെ മകളുമായിരുന്നു. സാഹിബ് സാദാ മിർസാ

സഫർ അഹ്മദ് സാഹിബ്, മുഹ്തറം നസീറാ ബീഗം സാഹിബ എന്നിവരുടെ മകളുമായിരുന്നു. 1939 ലാണ് ജനിച്ചത്. മിയാം നഈം അഹ്മദ് സാഹിബുമായി വിവാഹം നടന്നു. അങ്ങനെ അവർ ഹദ്റത്ത് മുസ് ലിഹ് മൗഊദ്(റ) ന്റെ മരുമകളാകുകയുണ്ടായി. ക്ഷമ കൈകൊള്ളുന്നവരും ധൈര്യശാലിയുമായിരുന്നു. ലാളിത്യം കൈമുതലാക്കിയവരുമായിരുന്നു. മുഖ്‌ലിസ ആയിരുന്നു. മാതാപിതാക്കൾ വഫാത്തായി. ഭർത്താവ് വഫാത്തായി. എല്ലാ പ്രയാസങ്ങളും സധൈര്യം നേരിടുകയാണുണ്ടായത്. ഒരിക്കലും പരാതിപ്പെടാറുണ്ടായിരുന്നില്ല. പുഞ്ചിരി തൂകിക്കൊണ്ടാണ് എപ്പോഴും കാണാറുള്ളത്. വളരെ പ്രയാസമുള്ള രോഗത്തിന്റെ പിടിയിലായിരുന്നു. എന്നിട്ടും എപ്പോഴും ക്ഷമകൈവിടാതെ പ്രശ്നമൊന്നുമില്ലെന്ന് പറഞ്ഞ്, അല്ലാഹുവിന് കൃതജ്ഞത പ്രകടിപ്പിച്ചുകൊണ്ട് ജീവിച്ചിരുന്നു. അല്ലാഹു അവരുടേയും പദവികൾ ഉയർത്തുമാറാകട്ടെ. അവരോട് മഗ്ഫിറത്ത് ചെയ്യുമാറാകട്ടെ. ഇവരുടെ കുട്ടികളെ എപ്പോഴും നന്മയിൽ നിലനിറുത്തുമാറാകട്ടെ. മൂന്ന് ആൺ മക്കളാണുള്ളത്. ജുമുആക്ക് ശേഷം ഇവരിരുവരുടേയും ജനാസ നമസ്കരിക്കുന്നതായിരിക്കും.

**വിവർത്തനം**
എം. നാസർ അഹ്മദ്
മുബല്ലിഗ് – എറണാകുളം
**PHONE : 9497343704**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 17 - 07 - 2009 at**
**Baithul Futuh**
**London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**